(ബി) പകൽ മുഴുവൻ ഓഫീസിലിരുന്ന് ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്തതും വൈദ്യുതി കണക്ഷനും കുടിവെള്ള കണക്ഷനും ഇല്ലാത്തതുമായ എത്ര ഓഫീസുകൾ ഉണ്ടെന്ന് പറയാമോ; ജില്ലതിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(സി) വില്ലേജ് ഓഫീസുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, ട്രഷറി ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ പോലെ പൊതുജനങ്ങൾ എത്തുന്ന ഓഫീസുകളിൽ ജനങ്ങൾക്ക് കാത്തിരിക്കാനും കുടിവെള്ളം കിട്ടാനുമുള്ള സൗകര്യങ്ങളെങ്കിലും ഉണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി അതിന് സംവിധാനം ഒരുക്കുമോ;

(ഡി) പൊടിപിടിച്ചതും ഫയലുകൾ വൃത്തിയായി സൂക്ഷിക്കുവാനുള്ള സംവിധാനങ്ങളില്ലാത്തതും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഉള്ളതുമായ ഓഫീസുകളുടെ ഇപ്രകാരമുള്ള അവസ്ഥ മാറ്റിയെടുക്കുവാൻ എന്തെങ്കിലും നടപടികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പറയാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

10 (3102) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലും അനുബന്ധ സ്ഥാപനങ്ങളിലും സർക്കാർ ചെലവിൽ അനുവദിച്ചിരിക്കുന്ന വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കാമോ;

(ബി) ജനസേവനത്തിന്റെ ഭാഗമായി ഏതൊക്കെ ആവശ്യങ്ങൾക്ക് ആർക്കൊക്കെ സർക്കാർ വാഹനങ്ങൾ ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യവസ്ഥകളുടെ ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനും ദുരുപയോഗം കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും ലോഗ്ബുക്ക് നിർബന്ധമാക്കുന്നതിനും തയ്യാറാകാത്തതെന്തുകൊണ്ടാണ്;

(സി) സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും വാഹനങ്ങൾ മന്ത്രിമാരുടെയും മറ്റും ആവശ്യങ്ങൾക്കുപയോഗിക്കുന്നത് അവസാനിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; ഒരേ സമയം ഒന്നിൽ കൂടുതൽ സർക്കാർ വാഹനം ഉപയോഗിക്കുന്ന മന്ത്രിമാരും ഗവ.സെക്രട്ടറിമാരും ആരൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിലും അനുബന്ധ സ്ഥാപനങ്ങളിലും വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാഹന ദുരുപയോഗം തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 24-2-2003 തീയതിയിലെ 113/2003/ധന. നമ്പർ സർക്കാർ (കൈ.) ഉത്തരവ്, സർക്കുലർ നമ്പർ 41/2008/ധന. തീയതി 2-8-2008, 20-2-2010 തീയതിയിലെ 293/2010/ധന. നമ്പർ സർക്കാർ (അച്ചടി) ഉത്തരവ് എന്നിവയിലൂടെ വാഹന ദുരുപയോഗം തടയുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടി

11 (3103) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്കപരിപാടിയുടെ നടത്തിപ്പിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്നും പ്രസ്തുത പരിപാടിയിലൂടെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അപേക്ഷകളിൽ എത്ര എണ്ണം സാമ്പത്തിക ആനുകൂല്യങ്ങൾക്ക് (ചികിത്സാ ചെലവ് ഉൾപ്പെടെ) വേണ്ടിയുള്ളതായിരുന്നു; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ എത്ര അപേക്ഷകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചു;

(സി) സാമ്പത്തിക സഹായം ഒഴിച്ചുള്ള എത്ര അപേക്ഷകൾ ഇതിനകം തീർപ്പാക്കിയെന്ന് വർഷവും ജില്ലയും തിരിച്ചു വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി ജില്ലാ തലത്തിൽ ചെലവായ തുകയും അക്ഷയയ്ക്കും സി-ഡിറ്റിനും നൽകിയ തുകയും വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന ചെലവഴിച്ച തുകയും ഉൾപ്പെടെ നാളിതുവരെ ആകെ 20,96,33,807 രൂപ ചെലവഴിച്ചിട്ടുണ്ട്. അക്ഷയയ്ക്കും സി-ഡിറ്റിനും നൽകിയ